(2) കായംകുളം മാർജിൻ ഫ്രീ മാർക്കറ്റിൽ നിന്ന സെക്യൂരിറ്റി ജീവനക്കാരൻ ഭാസ്ക്കരൻ പിള്ള ഡ്യൂട്ടിക്കിടെ കൊല ചെയ്യപ്പെട്ടു. ഇതു സംബന്ധിച്ച് കായംകുളം പോലീസ് സ്റ്റേഷൻ ക്രൈം നംപർ 175/2002 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(3) ഹോം നഴ്സ് ആയി ജോലി നോക്കവേ പുഷ്പ എന്ന സ്ത്രീയെ പാലക്കാട് വച്ച് ആർ. എ. മൻസിൽ എന്ന വീട്ടിൽ വച്ച് സമീർ, റഹിന, മറ്റു നാലുപേർ എന്നിവർ ചേർന്ന് മാനഭംഗപ്പെടുത്തിയതു സംബന്ധമായി പട്ടാമ്പി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 328/04 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(4) 12-8-2001-ന് പൊന്നാനി പോലീസ് സ്റ്റേഷനതിർത്തിയിലെ വെളിയംകോട് വച്ച് അശ്വതി ഹോം നേഴ്സിംഗ് സ്ഥാപനത്തിലെ ഹോം നഴ്സ് ആയ ലീലാമണിയെ മേൽ സ്ഥാപനത്തിന്റെ ഉടമ വിനോദ് ബലാൽസംഗം ചെയ്തതു സംബന്ധമായി പൊന്നാനി പോലീസ് സ്റ്റേഷൻ ക്രൈം 327/01 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്ത് കേസ് ചാർജ് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങളിൽ 14 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാവുംപ പോലീസ് സ്റ്റേഷൻ പ്രവർത്തനം

135 [1693] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ തഴവ പഞ്ചായത്തിലുൾപ്പെട്ട പാവുംപ പോലീസ് സ്റ്റേഷനു ഭരണാനുമതി ലഭിച്ചിട്ട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമായിട്ടുള്ളത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പാവുംപ പോലീസ് സ്റ്റേഷൻ എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)—(സി) മുൻഗണനാക്രമമനുസരിച്ച് സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു പട്ടികയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ കൊല്ലം ജില്ലയിലെ 'തഴവ' എന്ന സ്ഥലവും ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികയിൽ 42-ാം സ്ഥാനമാണ് പ്രസ്തുത സ്ഥലത്തിനുള്ളത്. മുൻഗണനാക്രമം കൃത്യമായി പാലിച്ച്കൊണ്ട് ഓരോ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനും ആവശ്യമായ ശുപാർശകൾ പ്രത്യേകം പ്രത്യേകം സമർപ്പിക്കുവാനുമാണ് പോലീസ് ഡയറക്ടർ ജനറലിന് നൽകിയിട്ടുള്ള നിർദ്ദേശം. അപ്രകാരം ഡി.ജി.പി.യിൽ നിന്നും ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് തഴവയിലും പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

കാസർകോഡ് ജില്ലയിൽ പോലീസ് വകുപ്പിൽ എം. ജി. പി. പ്രകാരം നടത്തിയ വികസന പ്രവർത്തനങ്ങൾ

136 [1694] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ പോലീസ് വകുപ്പിൽ എം.ജി.പി. പ്രകാരം എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്നും അവ പൂർത്തിയായോ എന്നും വ്യക്തമാക്കാമോ;

(ബി) ഇനിയും ഏതെങ്കിലും പ്രവർത്തനങ്ങൾ ആരംഭിക്കാനുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഈ വകയിൽ ജില്ലയിൽ ചെലവഴിച്ച തുകയെത്രയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) നവീകരണത്തിന്റെ ഭാഗമായി കാസർകോഡ് ജില്ലയിലെ ഹോസ്ദുർഗ്, കുംബള, ചന്ദേര എന്നീ പോലീസ് സ്റ്റേഷനുകൾ സർവ്വീസ് ഡെലിവറി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസും ജനങ്ങളും തമ്മിൽ ഊഷ്മളമായ ബന്ധം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഈ പോലീസ് സ്റ്റേഷനുകളിൽ 'റിസപ്ഷൻ കൗണ്ടർ' തുടങ്ങിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് ഹാജരാകാതെ പരാതി നൽകുന്നതിനായി 'വെബ്പോർട്ടൽ' ആരംഭിച്ചിട്ടുണ്ട്. മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പോലീസ് വകുപ്പിൽ എം.ജി.പി. പ്രകാരം നടത്തിയ വികസന പ്രവർത്തനങ്ങൾക്കായി കാസർകോഡ് ജില്ലയിൽ 12,294 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly